**കൈത്താക്കാലം രണ്ടാം ഞായർ - 2016 ജൂലൈ 10**

(ലൂക്കാ. 15: 11-32)

**വചനസന്ദേശം: റവ.ഫാ. ഷനു മൂഞ്ഞേലി**

യേശു പറഞ്ഞ ഉപമകളിൽ വച്ചേറ്റവും ഹൃദയസ്പർശിയായ ഉപമയാണ് ധൂർത്ത പുത്രന്റെ ഉപമ. ധൂർത്ത പുത്രന്റെ ഉപമ എന്നാണ് തലക്കെട്ടെങ്കിലും, ലൂക്കായുടെ സുവിശേഷം 15-ാം അദ്ധ്യായം 11 മുതൽ 32 വരെ വാക്യങ്ങൾ വായിച്ചു തീരുന്ന ഒരു വ്യക്തിയുടെ മനസ്സിലേക്ക് ആദ്യം കടന്നുവരിക കരുണാമയനായ ഒരു അപ്പന്റെ മുഖമായിരിക്കും. അതുകൊണ്ട്തന്നെ തലക്കെട്ടിൽ നിന്നും വായിച്ചെടുക്കേണ്ട ഒരു ഉപമയല്ല ധൂർത്തപുത്രന്റെ ഉപമ. മറിച്ച്, നിരന്തരമായ പരിചിന്തനത്തിലൂടെയും ആഴമേറിയ ധ്യാനത്തിലൂടെയും കണ്ടെത്തേണ്ട സ്നേഹമയനായ ഒരു പിതാവിന്റെ ഹൃദയവിശാലതയുടെയും കാരുണ്യത്തിന്റെയും കഥയാണ് ഇത്. സ്വർഗ്ഗസ്ഥനായ പിതാവിനെക്കുറിച്ച് പറയുമ്പോൾ വാചാലനാകുന്ന യേശുക്രിസ്തു എല്ലാവർക്കും ഇടം നൽകുന്ന ഹൃദയവിശാലതയുടെയും പുറപ്പെട്ടു പോയവരെ പോലും ഊട്ടുമേശയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന കാരുണ്യത്തിന്റെ മുഖമുള്ള ഒരു അപ്പന്റെ ചിത്രം അനുവാചക ഹൃദയങ്ങളിൽ കോറിയിടുന്നുണ്ട്. ഹൃദയത്തിൽ മുൾവേലി തീർത്ത് അകന്നു പോയവരെ പടിക്ക് പുറത്താക്കുന്നു ഒരു കഠിനഹൃദയനെയല്ല, നേരെമറിച്ച് കരുണാമസൃണമായ സ്നേഹം അപ്പൻ എന്ന വാക്കിൽ ചാലിച്ച് നഷ്ടപ്പെട്ടുപോയ മകനുവേണ്ടി വഴിക്കണ്ണുമായി കാത്തിരിക്കുന്ന ഒരു പിതാവിനെയാണ് ഈശോ അവതരിപ്പിക്കുന്നത്.

ധൂർത്തപുത്രന്റെ തിരിച്ചുവരവിനു കളമൊരുക്കിയത് ഒരുപക്ഷേ സ്വന്തം പിതാവിനെക്കുറിച്ചുള്ള ആ മകന്റെ ആഴമേറിയ ധ്യാനവും തിരിച്ചറിവുമായിരിക്കാം. കൂടെയുള്ള വാസത്തിൽ നിന്നും അപ്പന്റെ കരുണയുടെ മുഖം ആ മകൻ ദർശിച്ചതാണ്. എന്നാൽ ഒരുവേള ജീവിതം നല്കുന്ന സുഖവും അത് സംലഭ്യമാക്കുന്ന സ്വാതന്ത്ര്യത്തിന്റെ വിശാലമായ വാതിലുകളും മുമ്പിൽ തുറക്കപ്പെടുമ്പോൾ അതുവരെ അനുഭവിച്ചിരുന്ന പിതൃസ്നേഹത്തിൽ നിന്നും കാരുണ്യത്തിൽ നിന്നും അവൻ സ്വയം അകലുകയാണ്. വ്യക്തി ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന സ്വാതന്ത്യം നാം എങ്ങനെ വിനിയോഗിക്കുന്നു എന്ന് ഒന്നു ചിന്തിക്കുന്നത് നല്ലതാണ്.

ആർക്കാണ് തിരിച്ച് വരാൻ മനസ്സുണ്ടാവുക? തിരിച്ച് ചെന്നാൽ സ്വീകരിക്കും എന്നുള്ള ഉറപ്പോ, അല്ലെങ്കിൽ സ്നേഹം കിനിയുന്ന ഗതകാല സ്മരണകളോ അയവിറക്കുന്നവർക്ക് മാത്രമേ അതിനു സാധിക്കുകയുള്ളൂ. കഴിഞ്ഞുപോയ നല്ലകാലം ഓർക്കാനും അത് തിരിച്ചു പിടിക്കാനും ആർക്കാണ് ആഗ്രഹമുണ്ടാകാതിരിക്കുക? താൻ സ്വയം പറിച്ച് മാറ്റിയാലും വേണ്ടെന്നു വച്ചാലും തന്നെ പറിച്ച് മാറ്റാത്ത, വേണ്ടെന്നു വയ്ക്കാത്ത ആ പിതാവിന്റെ കാരുണ്യം തിരിച്ചറിഞ്ഞപ്പോൾ ധൂർത്തപുത്രൻ തിരിച്ച് നടക്കുകയാണ് ജീവിതത്തിലേക്ക്. സ്നേഹം വാരി വിളമ്പുന്ന ദാസർക്ക് പോലും ഹൃദയകോണിൽ സങ്കേതം നൽകുന്ന പിതാവിന്റെ ഹൃദയവിശാലതയും കാരുണ്യവും ആ മകനെ തിരിച്ച് ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ട് വരികയാണ്.

ഇന്ന് ബന്ധങ്ങളിലെ വിള്ളലുകൾ ഉണ്ടാകുമ്പോൾ മക്കൾ വീട് വിട്ട്പോകുമ്പോൾ, സൗഹൃദബന്ധങ്ങൾ കണ്ണിയറ്റു പോകുമ്പോൾ, നാമൊന്ന് ചിന്തിക്കണം, ഒരു തിരിച്ച് വരവിനു പ്രേരിപ്പിക്കത്തക്കവിധം എന്നിലെ കാരുണ്യം അവർക്ക് മുമ്പിൽ വെളിപ്പെടുത്തുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ടോ? പഴയ സ്നേഹക്കൂട്ടായ്മ ലഭിക്കുവാൻ ആഗ്രഹിക്കുന്ന നാം തിരിച്ച് വരവിനു തയ്യാറെടുക്കണം. അവിടെയാണ് ധൂർത്തപുത്രന്റെ പിതാവിനു നമ്മിലൂടെ ഒരു പുനർജന്മം സാധ്യമാകുക. മക്കൾ പഴയതുപോലെ സ്നേഹിക്കുന്നില്ല, കൂടെയായിരുന്നില്ല എന്നൊക്കെ പരിഭവം പറയുമ്പോൾ എന്നിലെ കരുണയുടെ മുഖം ദർശിക്കുവാൻ മറ്റുള്ളവർക്ക് സാധിക്കാതെ വരുന്നുണ്ടോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു.

ഗുരുകുല വിദ്യാഭ്യാസകാലം. പുതിയ അദ്ധ്യയന വർഷം ആരംഭിച്ചപ്പോൾ ഗുരുവിന്റെ അടുത്ത് നിരവധി കുട്ടികൾ വിദ്യ അഭ്യസിക്കുവാൻ എത്തിച്ചേർന്നു. ഗുരുവിനോടൊത്തുള്ള താമസവും പഠനവും. ഒരു ദിവസം കുട്ടികളിൽ ആരോ മറ്റുള്ളവരുടെ സാധനങ്ങളും മറ്റും മോഷ്ടിക്കുന്നു എന്ന പരാതിയായിരുന്നു. ഗുരു അന്വേഷണം ആരംഭിച്ചു. അങ്ങനെ മോഷ്ടിച്ചവൻ പിടിക്കപ്പെട്ടു. ഇനി

ആവർത്തിക്കില്ല എന്ന ഉറപ്പിൻമേൽ വീണ്ടും പഠിക്കുവാൻ അവന് അവസരം നല്കി. എന്നാൽ കുറച്ച് കഴിഞ്ഞപ്പോൾ പഴയതുപോലെ അവൻ വീണ്ടും മോഷ്ടിക്കുകയും പിടിക്കപ്പെടുകയും ചെയ്തു. കുട്ടികൾ ഒന്നാകെ ഗുരുവിന്റെ അടുത്തെത്തി മോഷ്ടാവിനെ പറഞ്ഞുവിടണം എന്നാവശ്യപ്പെട്ടു. അല്ലെങ്കിൽ തങ്ങൾ ഈ ഗുരുകുലം വിട്ടുപോകുമെന്നു ഭീക്ഷണിയും മുഴക്കി. ഒരു ചെറുപുഞ്ചിരി യോടു കൂടി ഗുരു പറഞ്ഞു: “നിങ്ങൾക്ക് ഇനിയും നല്ല ഗുരുക്കൻമാരെ കിട്ടും. കാരണം നിങ്ങൾ നല്ല കുട്ടികളാണ്. പക്ഷേ ഇവന് ഇനി വേറെ ഗുരുക്കൻമാരെ കിട്ടുമോ എന്നറിയില്ല. അതുകൊണ്ട് ഇവൻ ഇവിടെ താമസിക്കട്ടെ.” മോഷ്ടാവ് ഗുരുവിന്റെ കാല്ക്കൽ വീണു മാപ്പപേക്ഷിച്ചു. ഓരോ തിരിച്ചുവരവും ഓരോ മാനസാന്തരവും ഉണ്ടാകുന്നത് കരുണയുടെ മുഖം ദർശിക്കുമ്പോഴാണ്, അനു കമ്പയുടെ ആർദ്രസ്പർശം ലഭിക്കുമ്പോഴാണ്. മറ്റുള്ളവരുടെ മുഖത്തുനിന്നും കരുണ പ്രതീക്ഷി ക്കുന്ന ഞാൻ ആ ഭാവം എന്തുമാത്രം എന്റെ ജീവിതത്തിൽ മറ്റുള്ളവർക്ക് മുമ്പിൽ വെളിപ്പെടുത്തി യിട്ടുണ്ട് എന്നത് ഒരു ചോദ്യചിഹനമാണ്. കാരുണ്യം സ്വീകരിക്കുന്തോറും മറ്റുള്ളവരോട് കാരുണ്യമു ള്ളവരാകുവാനും നമുക്ക് കഴിയണം. എന്റെ മുഖത്ത് കരുണയുടെ ഭാവം തെളിയുന്നത് കാണാൻ ഒരുപാടു പേർ കൊതിക്കുന്നുണ്ട് എന്ന് നാം മനസ്സിലാക്കണം. മാതാപിതാക്കളുടെ മുഖത്ത് വിരിയുന്ന ആർദ്രസ്നേഹത്തിന്റെ പുഞ്ചിരി കണ്ടാൽ എങ്ങനെയാണ് മക്കൾക്ക് വീടുവിട്ടിറങ്ങാൻ കഴിയുക. ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാകുമ്പോഴും പ്രതിസന്ധികൾ ഉണ്ടാകുമ്പോഴും ഓർമ്മയിൽ സൂക്ഷി ക്കുവാൻ കരുണ തുളുമ്പുന്ന ഒരു മുഖം മനസ്സിലുണ്ടെങ്കിൽ അവിടെ ഒരു തിരിച്ച് വരവുണ്ടാകും. തീർച്ച.